പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുവരെ വരാത്തതരത്തിലുള്ള ഏറ്റവും മോശമായൊരു ബഡ്ജറ്റാണ് കഴിഞ്ഞ ദിവസം ബഹു. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്. മഹാമാരി, മഹാപ്രളയം എന്നിങ്ങനെയുള്ള പ്രതിസന്ധികൾകൊണ്ട് തകർന്നിരിക്കുന്ന കേരളത്തിലെ ജനങ്ങളുടെമീതെ ഇടിത്തീപോലെ പെയ്തിറങ്ങിയിരിക്കുന്ന മറ്റൊരു മഹാദുരന്തമായി ഈ ബഡ്ജറ്റ് മാറുകയാണ്. ബഡ്ജറ്റിലെ നേരിട്ടുള്ള നികുതി നിർദ്ദേശങ്ങൾ 3000 കോടി രൂപ, പരോക്ഷ നികുതി നിർദ്ദേശങ്ങൾ 1000 കോടി രൂപ എന്നിങ്ങനെ 4000 കോടി രൂപയുടെ അധികബാദ്ധ്യത കേരളത്തിലെ ജനങ്ങളുടെമേൽ കെട്ടിവച്ചിരിക്കുകയാണ്. അശാസ്ത്രീയമായ ഈ നികുതി നിർദ്ദേശങ്ങൾ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ താളം തെറ്റിക്കാൻപോകുകയാണ്. നികുതിഭാരം മാത്രമല്ല, കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെയും ജനജീവിതത്തെയും ഇത് ഗൗരവതരമായി ബാധിക്കും. അതുകൊണ്ട് ഈ സഭയ്ക്കകത്ത് ഞങ്ങളൊരു പ്രതിഷേധസമര പരിപാടിക്ക് തുടക്കം കുറിക്കുകയാണ്. അതിന്റെ ഭാഗമായി സർക്കാരിന്റെ

അശാസ്ത്രീയവും അന്യായവുമായ നികുതി നിർദ്ദേശങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഷാഫി പറമ്പിൽ, ഡോ. മാത്യു കുഴൽനാടൻ, ശ്രീ. നജീബ് കാന്തപുരം, ശ്രീ. സി. ആർ. മഹേഷ് തുടങ്ങിയ നാല് എം.എൽ.എ.-മാർ ഈ സഭാകവാടത്തിനുമുന്നിൽ ഇന്നുമുതൽ സത്യാഗ്രഹ സമരം ആരംഭിക്കുകയാണെന്നകാര്യം അങ്ങയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്.

(സഭാ കവാടത്തിൽ സത്യാഗ്രഹ സമരം ആരംഭിക്കുന്ന അംഗങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാധാരണഗതിയിൽ ബഡ്ജറ്റ് ചർച്ച ആരംഭിച്ച് അതവസാനിപ്പിക്കുന്ന സമയത്ത് അതുസംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പറയുകയാണ് ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ബഡ്ജറ്റ് അവതരിപ്പിച്ച മന്ത്രി ചെയ്യേണ്ടത്. പക്ഷേ ഇവിടെ സാധാരണ സ്വഭാവത്തിൽനിന്ന് വ്യത്യസ്തമായി ഇതാരംഭിക്കുന്ന സമയത്തുതന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇങ്ങനെയൊരഭിപ്രായം പറഞ്ഞതുകൊണ്ട് അതുസംബന്ധിച്ചുള്ള കാര്യങ്ങൾ

പറയേണ്ടിവരും. കേരളത്തിലെ ഈ നികുതി നിർദ്ദേശങ്ങൾ വളരെയേറെ അധികമായ പ്രശ്നങ്ങളാണെന്നാണ് അദ്ദേഹം പറഞ്ഞത്. കേന്ദ്രഗവൺമെന്റ് ഈ സമയത്ത് എടുത്ത കാര്യങ്ങളെപ്പറ്റിയൊന്നും അദ്ദേഹം പറഞ്ഞില്ല. കേന്ദ്രഗവൺമെന്റിന്റെ നടപടിക്രമങ്ങളനുസരിച്ച് വലിയതോതിൽ സെസ്സും ടാക്സും ഏർപ്പെടുത്തുമെന്നുള്ളത് ഒരു കാര്യമാണ്. അതോടൊപ്പം ഈ ബഡ്ജറ്റ് അവതരിപ്പിക്കുന്ന തലേദിവസം കേന്ദ്രബജറ്റിൽ കേരളത്തിന് കിട്ടേണ്ട 2700-ലധികം കോടിയോളം രൂപ വെട്ടിക്കുറയ്ക്കുകയും 937 കോടി രൂപമാത്രമായി ബോറോയിംഗ് പരിധി ഈ മൂന്ന് മാസക്കാലത്തേയ്ക്ക് നിജപ്പെടുത്തുകയും ചെയ്തതടക്കമുള്ള സംഭവങ്ങളുണ്ട്. ടാക്സ് സംബന്ധിച്ച് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ഒരു കാഴ്ചപ്പാടുണ്ട്. നികുതിയെ പാടില്ലായെന്നൊരു സമീപനം ഒരിക്കലും ഒരു ഗവൺമെന്റിന് സ്വീകരിക്കാൻ കഴിയില്ല. ഒരു കാര്യംമാത്രം അദ്ദേഹത്തിന്റെ ഓർമ്മയിലേയ്ക്കുവേണ്ടി പറയുകയാണ്; ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് യു.ഡി.എഫ്. സർക്കാർ 2011 മുതൽ ഏഴ് തവണ നികുതിയിൽ ഇടപെട്ടു. 2014-ൽ 21 ശതമാനമാക്കി വർദ്ധിപ്പിച്ച നികുതി ആ വർഷംതന്നെ 22 ശതമാനമാക്കുകയും ചെയ്തു. 2015-ൽ അത് 23.1 ശതമാനമാക്കി

വർദ്ധിപ്പിച്ചു. 2015-ൽ 23.23 ശതമാനമായി ഡീസലിന്റെ നികുതിയും വർദ്ധിപ്പിച്ചു. അവസാനം 2014-ൽ 24.52 ശതമാനമായി ഡീസലിന്റെ വില വർദ്ധിപ്പിക്കുകയും ചെയ്തു. എന്നാൽ പിണറായി വിജയൻ സർക്കാർ 01-06-2018-ൽ നികുതി 22.76 ശതമാനമായി കുറച്ചു. അതിനുശേഷം ഇതുവരെ നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ പെട്രോളിന്റെ കാര്യത്തിലാണെങ്കിൽ 2011-മുതൽ 2015-വരെ യു.ഡി.എഫ്.-ന്റെ കാലത്ത് 17 തവണയാണ് നികുതി വർദ്ധിപ്പിച്ചത്. അത് 24 ശതമാനത്തിൽനിന്ന് 31.8 ശതമാനമായി വർദ്ധിപ്പിച്ച യു.ഡി.എഫ്.-ന്റെ പെട്രോളിന്റെ വിലനിലവാര കണക്ക് എന്റെ കൈവശമുണ്ട്. സത്യഗ്രഹത്തിലിരിക്കുന്ന അംഗങ്ങൾ ഇതൊന്ന് വായിച്ചുനോക്കുന്നത് നല്ലതാണ്. 01-06-2018-ൽ പിണറായി വിജയൻ ഗവൺമെന്റ് പെട്രോളിന്റെ നികുതി 30.08 ശതമാനമായി കുറച്ചു, അതിനുശേഷം വർദ്ധിപ്പിച്ചിട്ടേയില്ല. ഞാൻ ഈ കാര്യം സൂചിപ്പിച്ചത്, കേരളത്തിന്റെ വികസനത്തിനുവേണ്ടി വളരെ പരിമിതമായ ചില നികുതികൾ വർദ്ധിപ്പിക്കേണ്ടിവരും. ഒരു ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിന്റെ താൽപ്പര്യം കണക്കിലെടുത്ത് ആവശ്യമായ മിനിമം വരുമാനമെങ്കിലും വരുന്നതിനുള്ള ഉത്തരവാദിത്വം

എറ്റെടുക്കുമ്പോൾ റിസ്കുണ്ട്. പേരുദോഷം കേൾക്കുമെന്നുപറഞ്ഞ് വ്യക്തിപരമായൊരു കയ്യടികിട്ടി ഈ സഭയിൽനിന്ന് പോകാനല്ല, കേരളത്തിന്റെ താൽപ്പര്യമാണ് മുന്നോട്ടുവച്ചത്.

കേന്ദ്രഗവൺമെന്റ് വാങ്ങിക്കുന്ന പെട്രോളിന്റെയും ഡീസലിന്റെയും ടാക്സ് സംബന്ധിച്ച് എന്റെ കൈവശം കണക്കുണ്ട്. ഒരു ലിറ്റർ പെട്രോളിൽനിന്നും സ്പെഷ്യൽ അഡീഷണൽ എക്സൈസ് ഡ്യൂട്ടിയായി 12 രൂപയും അഡീഷണൽ എക്സൈസ് ഡ്യൂട്ടിയായി റോഡ് ഇൻഫ്രാസ്ട്രക്ച്ചറിന് 18 രൂപയും കളക്ട് ചെയ്യുന്നുണ്ട്. അതുപ്രകാരം കേരളത്തിൽ വിൽക്കുന്ന ഓരോ ലിറ്റർ പെട്രോളിൽനിന്നും മുപ്പത് രൂപയും ഡീസലിൽനിന്നും 27 രൂപയും നികുതിയായി ഈടാക്കുന്നുണ്ട്. സംസ്ഥാനത്തിനകത്ത് കേന്ദ്രത്തിന് പിരിക്കാനവകാശമില്ല. സെസ്സും സർച്ചാർജ്ജും സംബന്ധിച്ച് ഇടതുപക്ഷത്തിന് ഒരു സമീപനമുണ്ട്, കേന്ദ്ര ഗവൺമെന്റിന്റെമാത്രം അവകാശമല്ല, സംസ്ഥാനത്തെ പെട്രോൾ നികുതി. അതിൽനിന്നും പിരിച്ചുകൊണ്ടുപോകുന്നതുസംബന്ധിച്ച് കേരളത്തിന് ഒരു പ്രതിഷേധവുമില്ല. കഴിഞ്ഞ ദിവസം ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ സംസ്ഥാനത്തിനടക്കം വലിയതോതിൽ പണം വെട്ടിക്കുറച്ചതിനെപ്പറ്റിയും ഒരഭിപ്രായവുമില്ല.

നമ്മളിപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന കാര്യങ്ങളൊക്കെ തടയണം. ശമ്പളവും പെൻഷനും പറ്റുമെങ്കിൽ തടയാൻ പറ്റണം, സാമൂഹിക ക്ഷേമപ്രവർത്തനങ്ങൾ തടയാൻ പറ്റണം, വികസനകാര്യങ്ങൾ തടയാൻ പറ്റണം, അത്തരമൊരു കാഴ്ചപ്പാട് അങ്ങേയറ്റം ദൗർഭാഗ്യകരവും കേരളത്തിന്റെ താൽപ്പര്യത്തിനെതിരുമാണ്. ബി.ജെ.പി.യുടെ സാമ്പത്തിക നയങ്ങളെ സപ്പോർട്ട് ചെയ്യുന്ന സമീപനമെടുത്തതുകൊണ്ടാണ് ഞാൻ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നത്.